മായി ചർച്ച നടത്താനുമാണ് കാനഡയും അമേരിക്കയും സന്ദർശിച്ചത്. കണ്ണൂരിലെ വിമാനത്താവളം, വ്യവസായ വികസനം എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്താനാണ് ഫ്രാൻസ് സന്ദർശിച്ചത്. ഇറ്റലിയിലെ ഗവൺമെന്റ് അധികൃതരുമായും, വ്യവസായ വികസനത്തെ സംബന്ധിച്ചും ടെക്നോളജിക്കൽ പാർക്കുകളെ സംബന്ധിച്ചുമുള്ള ചർച്ചകൾക്കാണ് അവിടെ സന്ദർശിച്ചത്.

ദോഹയിലെ എം.ഇ.എസ്. സ്കൂൾ സംഘടിപ്പിച്ച "കേരളാ കൾച്ചറൽ ഫെസ്റ്റിവൽ" ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടിയാണ് 26.9.1998 മുതൽ 28.9.1998 വരെ ദോഹ സന്ദർശിച്ചത്.

കേരള സർക്കാർ ഉടമസ്ഥതയിലുള്ള കേരഫെഡിന്റെ ബിസിനസ് പങ്കാളിയായ "മൊണ്ടാന ഫുഡ് സ്റ്റഫ് ട്രേഡിംഗ്" എന്ന സ്ഥാപനത്തിനു വേണ്ടി "കേരളാ ഗോൾഡ് കോക്കനട്ട് ഓയിൽ" ഔദ്യോഗികമായി പുറത്തിറക്കുന്നതിന് അവരുടെ ക്ഷണം സ്വീകരിച്ചുകൊണ്ടും, നോൺ റസിഡന്റ് ഇൻഡ്യക്കാരുമായി ബന്ധപ്പെട്ട് കേരളാ ഗവൺമെന്റ് നടപ്പിലാക്കിവരുന്ന ഇൻഷുറൻസ് പദ്ധതികളെ സംബന്ധിച്ച് ചർച്ചചെയ്യുന്നതിനും മറ്റുമാണ് 28.4.1999 മുതൽ മസ്ക്കറ്റ്, അബുദാബി, ദുബൈ, കുവൈറ്റ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചത്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ. ഇ.എൻ. മുരളീധരൻ നായർ, മുൻ ചീഫ് എക്സി. ഓഫീസർ ടെക്നോപാർക്ക് ശ്രീ. വിജയരാഘവൻ, ഹൗസിംഗ് സെക്രട്ടറിയായിരുന്ന ശ്രീമതി മിനി മാത്യു, കിൻഫ്രയുടെ മാനേജിംഗ് ഡയറക്ടർ ഡോ. ജി.സി. ഗോപാലപിള്ള, ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ. വേണു, കോഴിക്കോട് ഐ.ഐ.എം. സ്പെഷ്യൽ ഓഫീസർ ആയിരുന്ന ശ്രീ. സഞ്ജീവ് കൗശിക്, പൊതുവിദ്യാഭ്യാസ സെക്രട്ടറി ശ്രീ. കെ. ജയകുമാർ, മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറി, ശ്രീ. പ്രഭാകരവർമ്മ, നോർക്ക സെക്രട്ടറി ശ്രീ. അമിതാഭ് കാന്ത് എന്നിവർ മുഖ്യമന്ത്രിയെ വിവിധ വിദേശയാത്രകളിൽ അനുഗമിച്ചിട്ടുണ്ട്.

(ജി) വിവരം ശേഖരിച്ചുവരുന്നു.

16 (16) മന്ത്രിമാരുടെ വിദേശ പര്യടനം

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാരും ചീഫ് വിപ്പും വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ ഓരോ മന്ത്രിയും എത്ര പ്രാവശ്യം വീതം വിദേശ പര്യടനം നടത്തി;

(സി) ഓരോ പ്രാവശ്യവും നടത്തിയ വിദേശ പര്യടനത്തിൽ ഓരോ മന്ത്രിയും ഏതെല്ലാം വിദേശരാജ്യങ്ങൾ സന്ദർശിച്ചു;

(ഡി) ഈ വിദേശ രാജ്യങ്ങൾ സന്ദർശിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തിന്റെ ചെലവിലല്ലാതെ ഏതെങ്കിലും മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(എഫ്) ആരുടെ ചെലവിലാണ് അവർ വിദേശപര്യടനം നടത്തിയത്;

(ജി) വിദേശപര്യടനം നടത്തിയ മന്ത്രിമാർക്ക് എത്ര ഡോളറിന്റെ വിദേശനാണ്യം വീതം ലഭിച്ചു;

(എച്ച്) വിദേശ പര്യടനത്തിനുവേണ്ടി മാത്രം ഓരോ മന്ത്രിയും ടി.എ., ഡി.എ. എന്റർടെയിൻമെന്റ് അലവൻസ് എന്നീ ഇനങ്ങളിൽ എന്തു തുക വീതം കൈപ്പറ്റി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ (ഡി)വരെ ചീഫ് വിപ്പിന്റെ ഒഴികെയുള്ള മന്ത്രിമാരുടെ വിദേശയാത്രയെ സംബന്ധിച്ച വിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

(എച്ച്) വിവരം അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്.+

17 (17) മുഖ്യമന്ത്രിയുടെ വിദേശ യാത്രകൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യ മന്ത്രി എത്ര പ്രാവശ്യം വിദേശയാത്രകൾ നടത്തി എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിദേശരാജ്യങ്ങൾ സന്ദർശിച്ചു:

(സി) കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് വിദേശനി ക്ഷേപം ലഭ്യമാക്കാനുള്ള ഉദ്ദേശം ഈ യാത്രകൾക്കുണ്ടായിരുന്നോ;

(ഡി) എങ്കിൽ ഏതെല്ലാം വിദേശരാജ്യങ്ങളിൽനിന്നും ഏതെല്ലാം കമ്പനികൾ കേരളത്തിൽ പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് മുതൽമുടക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട് എന്നും ഓരോന്നിനും എന്തു മുതൽമുടക്ക് ഉണ്ടാകുമെന്നും അറിയിക്കുമോ;

(ഇ) ഇതിൽ എത്ര വ്യവസായങ്ങൾ തുടങ്ങി എന്നും ഇനിയും തുട ങ്ങാനുള്ളവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

(എഫ്) മുഖ്യമന്ത്രിയുടെ വിദേശയാത്രാവേളയിൽ ഏതെങ്കിലും ബഹു രാഷ്ട്ര കുത്തക കമ്പനിയുമായി ബന്ധപ്പെട്ടിരുന്നുവോ; എങ്കിൽ ഏതെല്ലാം കമ്പനികൾ എന്ന് അറിയിക്കുമോ;

(ജി) ഇതിൽ ഏതെങ്കിലും കമ്പനികൾ കേരളത്തിൽ നിക്ഷേപം നട ത്താമെന്ന് സമ്മതിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം,

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly